LIBRARY ARCHIVES Kerala Legislative Assembly

പാലോളി കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ

185 (1655) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മിറ്റി ശിപാർശകൾക്കുപകരമായി സംസ്ഥാന സർക്കാർ നിയമിച്ച പാലോളി കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ശിപാർശകളിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ; വിശദവിവരം നൽകുമോ ;

(സി) ഇതിനായി ഓരോ വർഷവും എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതികൾ നടപ്പാക്കിയതുമൂലം എത്ര കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചു എന്നും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്നും വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലോളി കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സച്ചാർ കമ്മിറ്റി ശിപാർശകൾ മുസ്ലീം ജനവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റി ശിപാർശ ചെയ്തതു പ്രകാരം സംസ്ഥാനത്തെ ബിരുദ/ ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്ന പദ്ധതി, അഭ്യസ്തവിദ്യരായ ന്യൂനപക്ഷ യുവജനതയ്ക്ക് സിവിൽ സർവ്വീസ് യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി, മദ്രസ്സാദ്ധ്യാപകർക്കുള്ള ക്ഷേമനിധി പെൻഷൻ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിലെ സദാജല ലഭ്യത ഉറപ്പുവരുത്തിയ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റ് കോംപ്ലക്സുകളും, യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്ന പദ്ധതി എന്നിവയാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പുതിയ വകുപ്പ് രൂപീകരിച്ചു. ജില്ലാ കളക്ടറേറ്റുകളിൽ ന്യൂനപക്ഷ കാര്യങ്ങൾക്ക് പ്രത്യേക സെക്ഷൻ രൂപീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിനായി 2008-09 സാമ്പത്തിക വർഷത്തിൽ 5,11,41,526-രൂപയും, 2009-10 സാമ്പത്തിക വർഷത്തിൽ 8,36,55,564-രൂപയും ചെലവഴിച്ചു. ഈ വർഷം (2010-11) ഇതിനായി വകയിരുത്തിയ 13 കോടി രൂപ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതുമൂലം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിവരുന്നു.

മദ്രസ അദ്ധ്യാപക ക്ഷേമനിധി

186 (1656) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ്സാ അദ്ധ്യാപകർക്കായുള്ള ക്ഷേമനിധിയിൽ നാളിതുവരെ എത്ര അദ്ധ്യാപകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര രൂപയാണ് പെൻഷനായി അനുവദിക്കുന്നത് ;

(സി) പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) മുഴുവൻ മദ്രസ്സാ അദ്ധ്യാപകരെയും പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 791 മദ്രസ അദ്ധ്യാപകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം	അംഗത്വം നൽകിയത്
(1)	(2)	(3)
തിരുവനന്തപുരം	144	106
കൊല്ലം	88	52
പത്തനംതിട്ട	3	3
ആലപ്പുഴ	23	17
കോട്ടയം	1	0
ഇടുക്കി	21	11
എറണാകുളം	59	26
തൃശ്ശൂർ	12	5
പാലക്കാട്	31	23

LIBRARY ARCHIVES Kerala Legislative Assembly